896/E1//2020/ IKM

**ഇൻഫർമേഷൻ കേരള മിഷൻ**
**പബ്ലിക് ഓഫീസ് ബിൽഡിംഗ്,**
**പബ്ലിക് ഓഫീസ് പി ഒ തിരുവനന്തപുരം - 695 033**

**എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം**
**സാന്നിദ്ധ്യം- കെ. പ്രേംകുമാർ**

**സംഗ്രഹം**

ഇൻഫർമേഷൻ കേരള മിഷൻ - ഐ.കെ.എം ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പുതുക്കിയ പൊതുമാനദണ്ഡങ്ങൾ പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

---

**ഹ്യൂമൻ റിസോഴ്സ് (എസ്റ്റാബ്ലിഷ്മെന്റ്) വിഭാഗം**

**നമ്പർ. 127/ഇ 1/2022/ഐ.കെ.എം** **08.03.2022**

---

പരാമര്ശം:- 11.01.2022 ലെ 18/ഇ 1/2021/ഐ.കെ.എം നമ്പർ സർക്കുലർ

**ഉത്തരവ്**

ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പുതുക്കിയ പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഇതൊടൊപ്പം പ്രസിദ്ധീകരിക്കുന്നു.

**കെ. പ്രേംകുമാർ**
**എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ ജീവനക്കാർക്കും

പകർപ്പ്

ചീഫ് മിഷൻ ഡയറക്ടറുടെ സി എ
എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി എ
കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ സി എ
നോട്ടീസ് ബോർഡ്
വെബ്സൈറ്റ്

**08.03.2022**

ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും താഴെപ്പറയുന്ന പ്രകാരം പുതുക്കി നിശ്ചയിക്കുന്നു.

1. **<u>പൊതുസ്ഥലംമാറ്റം</u>**

(i) ഐ കെ എമ്മിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം എല്ലാ വർഷവും മാർച്ച് മാസം അപേക്ഷ ക്ഷണിച്ച് ഏപ്രിൽ 30 ന് മുൻപായി പൂർത്തിയാക്കുന്നതാണ്.

(ii) ഒരു ജില്ലയിൽ/ ഹെഡ്ക്വാർട്ടേഴ്സിൽ മാർച്ച് 31 ന് മൂന്ന് വർഷം (സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്ന വർഷം ഉൾപ്പടെ) പൂർത്തിയാക്കിയ ജീവനക്കാരുടെ അപേക്ഷകളാണ് സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നത്.

(iii) ഐ.കെ.എം ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ നടപടികൾ ഓൺലൈൻ സംവിധാനത്തിൽകൂടി നടത്തുന്നതാണ്.

(iv) പൊതുസ്ഥലംമാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി എല്ലാ വർഷവും ഒരു മുൻഗണനാ പട്ടിക തയ്യാറാക്കുന്നതാണ്. അടുത്ത പൊതു സ്ഥലംമാറ്റത്തിനായുള്ള പട്ടിക നിലവിൽ വരുന്നതുവരെ ഐ കെ എമ്മിലെ എല്ലാ സ്ഥലംമാറ്റങ്ങളും ക്യൂ - സമ്പ്രദായം പാലിച്ചുകൊണ്ട് ഈ പട്ടികയിൽ നിന്നും മാത്രം നടത്തുന്നതാണ്.

(v) ഓരോ ജില്ലയിലും ആകെ അനുവദനീയമായ തസ്തികകളുടെ എണ്ണവും അതിൽ ട്രാൻസ്ഫർ നടക്കുന്ന സമയത്ത് നികത്താൻ കഴിയുന്ന തസ്തികകളുടെ എണ്ണവും അപേക്ഷ ക്ഷണിക്കുമ്പോൾ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്.

2. **<u>സ്റ്റേഷൻ</u>**

സ്വന്തം ജില്ല (ഹോം സ്റ്റേഷൻ) എന്നത് ജീവനക്കാരൻ സർവ്വീസ് പ്രവേശന സമയത്ത് ഓപ്റ്റ് ചെയ്തതോ അല്ലെങ്കിൽ അപേക്ഷ നൽകി പിന്നീട് നിയമപരമായി മാറ്റി വാങ്ങിയ ജില്ലയോ എന്ന് നിർവ്വചിച്ച് അത് ഇലക്ട്രോണിക് ഡേറ്റയിൽ ഉൾക്കൊള്ളിക്കണം.

3. **<u>ഉദ്യോഗ കാലദൈർഘ്യം</u>**

I. ഒരു ജില്ലയിൽ മൂന്നു വർഷം സർവ്വീസ് പൂർത്തിയാക്കാത്ത ജീവനക്കാരെ ഇനിപ്പറയുന്ന കാരണങ്ങൾ ഒഴികെ സ്ഥലംമാറ്റുന്നതല്ല.

   i. അച്ചടക്ക നടപടി/വിജിലൻസ് അന്വേഷണം.

   ii. അനുകമ്പാർഹമായ കാരണങ്ങൾ

3 വർഷത്തിനപ്പുറം ഒരു ജീവനക്കാരനെയും ഒരേ ലൊക്കേഷനിൽ തുടരുന്നതിന് അനുവദിക്കുന്നതല്ല.

II. മറ്റ് ജില്ലകളിൽ നിന്നും ഹൈറേഞ്ച് ജില്ലകളായ ഇടുക്കി, വയനാട് ജില്ലകളിലേക്ക് നിയോഗിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള ഉദ്യോഗദൈർഘ്യം ഒരു വർഷം ആയിരിക്കുന്നതാണ്.

4. **<u>പൊതുതാല്പര്യത്തിന് വിധേയമായ സ്ഥലംമാറ്റം</u>**

പൊതുതാൽപ്പര്യത്തിന് വിധേയമായി ഒരു ജീവനക്കാരനെ/ ജീവനക്കാരിയെ സ്ഥലംമാറ്റേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യമുള്ള പക്ഷം മാനദണ്ഡം പരിഗണിക്കാതെ ഐ. കെ. എം

എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ഉടൻ തന്നെ സ്ഥലംമാറ്റാവുന്നതാണ്. പൊതുതാൽപ്പര്യം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ഓഫീസിന്റെ കാര്യക്ഷമതയ്ക്കും സുഗമമായ പ്രവർത്തനത്തിനും സ്ഥലംമാറ്റം അനിവാര്യമാകുന്നു എന്നതാണ്.

5. **അനുകമ്പാർഹമായ കാരണങ്ങൾ**

a. ഗുരുതരമായ ഏതെങ്കിലും അസുഖമോ (ഗുരുതരമായ അസുഖങ്ങൾ എന്നത് ഗുരുതരമായ രോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം എന്നിവയും കരൾ, വൃക്ക എന്നിവ ദാനം ചെയ്തവർ, അവയവം മാറ്റിവയ്ക്കലിന് വിധേയരായവർ) അപകടം മൂലം ഒരു ജീവനക്കാരന് സ്ഥായിയായ അവശത സംഭവിക്കുകയും ആയത് മൂലം ജീവനക്കാരന് പരസഹായത്തിനായി ആശ്രയിക്കേണ്ടതായി വരുക.

b. ജീവനക്കാരന് വിദഗ്ധ ചികിത്സ മറ്റൊരിടത്തും ലഭ്യമല്ലായെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം.

c. ജീവനക്കാരന്റെ ഭാര്യയ്ക്കോ (ജീവനക്കാരിയാണെങ്കിൽ ഭർത്താവിനോ) ഗുരുതരമായ രോഗം പിടിപെട്ടതും ജീവനക്കാരനെ /ജീവനക്കാരിയെ പൂർണ്ണമായും ആശ്രയിച്ച് കഴിയുന്നതുമായ മകനോ മകൾക്കോ, മാതാവിനോ, പിതാവിനോ ജീവനക്കാരന്റെ/ജീവനക്കാരിയുടെ സാന്നിദ്ധ്യവും പരിചരണവും അത്യന്താപേക്ഷിതമാണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ബോധ്യമാകുന്നപക്ഷം.

d. പൊതുസ്ഥലംമാറ്റം നടത്തുമ്പോൾ ടെക്നിക്കൽ ജോലി ചെയ്യുന്ന നോൺ ടെക്നിക്കൽ ജീവനക്കാരെ അവരവരുടെ സ്വന്തം ജില്ലയിൽ തുടരുവാൻ അനുവദിക്കുന്നതാണ്.

e. സ്ഥലംമാറ്റം ചെയ്യപ്പെടേണ്ട ജീവനക്കാരുടെ എണ്ണത്തിന്റെ 5% അനുബന്ധം എ പ്രകാരം നടത്തുന്നതാണ്. പട്ടികയിലെ ക്രമ നമ്പർ പ്രകാരമാണ് മുൻഗണന നിശ്ചയിക്കുന്നത്.

6. **ഓപ്ഷനുകൾ**

a. സ്ഥലംമാറ്റം നടപ്പാക്കുന്നത് ഓപ്ഷന്റെ അടിസ്ഥാനത്തിലാണ്. ഓരോ വ്യക്തിക്കും പരമാവധി അഞ്ച് ജില്ലകൾ ഓപ്ഷനുകളായി സൂചിപ്പിക്കാവുന്നതും ഈ അഞ്ച് ഓപ്ഷനുകൾക്കും ജില്ലയിലെ സർവ്വീസ് സീനിയോറിറ്റി ആയിരിക്കും സ്ഥലംമാറ്റത്തിനുള്ള അപേക്ഷ പരിഗണിക്കുന്നതിനുള്ള മാനദണ്ഡമായി കണക്കാക്കുന്നത്.

ഉദാഹരണത്തിന്- ഒരാൾ ഒരു ജില്ലയെ മൂന്നാം ഓപ്ഷനായി ഓപ്റ്റ്ചെയ്യുകയാണെങ്കിൽ ആ ജില്ലയെ ഒന്നാം ഓപ്ഷനോ രണ്ടാം ഓപ്ഷനോ ആയി ഓപ്റ്റ് ചെയ്യുവരും ജില്ലാ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അയാളെക്കാൾ ജൂനിയറായവരുമായ മറ്റാളുകളേക്കാൾ മുൻഗണനയിൽ അയാളെ ആ ജില്ലയിലേയ്ക്ക് സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതാണ്.

പൊതുസ്ഥലംമാറ്റ ഉത്തരവിൽ ജീവനക്കാർക്ക് ജില്ല അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം ജീവനക്കാരിൽ നിന്നും പ്രസ്തുത ജില്ലയിലെ രണ്ട് ലൊക്കേഷൻ ഓപ്റ്റ് ചെയ്ത് അപേക്ഷ വാങ്ങി, ലഭ്യമായിട്ടുള്ള ലൊക്കേഷൻ അനുവദിച്ച് ഐ.കെ.എമ്മിൽ നിന്ന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് .

b. പൊതുസ്ഥലംമാറ്റ അപേക്ഷയോടൊപ്പം തന്നെ സ്വന്തം ജില്ല ഡിക്ലയർ ചെയ്യുന്നതിനും മാറ്റുന്നതിനുമുള്ള അവസരം നൽകുന്നതാണ്.

c. ഒരു ജില്ലയിലേയ്ക്ക് ഒന്നിൽ കൂടുതൽ വ്യക്തികൾ ഓപ്റ്റ് ചെയ്യുമ്പോൾ മറ്റ് ജില്ലകളിലെ സർവ്വീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സീനിയറായ വ്യക്തിയെ ഒന്നാമതായി പരിഗണിക്കുന്നതാണ്.

d. ഓപ്ഷനുകളെ അടിസ്ഥാനമാക്കിയല്ലാതെയുള്ള സ്ഥലംമാറ്റങ്ങൾ നിർബന്ധിത സ്ഥലംമാറ്റമായി കരുതപ്പെടേണ്ടതാണ്.

e. നിർബന്ധിതമായി സ്ഥലംമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ ഓപ്ഷനുകൾക്ക് മറ്റുള്ള ഉദ്യോഗസ്ഥർ സമർപ്പിച്ച ഓപ്ഷനുകളേക്കാൾ തുടർന്നുള്ള സ്ഥലംമാറ്റത്തിനു മുൻഗണന നൽകുന്നതാണ്. മുൻഗണനാക്രമം തുടർച്ചയായ ഏറ്റവും ദൈർഘ്യമുള്ള ഔട്ട് സ്റ്റേഷൻ സീനിയോറിറ്റിയും ഏറ്റവും ദൂരെയുള്ള സ്റ്റേഷനും ആയിരിക്കുന്നതാണ്. ആയവ രണ്ടും തുല്യമാണെങ്കിൽ സർവ്വീസ് സീനിയോറിറ്റിയാണ് പരിഗണിക്കുന്നതാണ്.

7. <u>നിർബന്ധിത സ്ഥലംമാറ്റം</u>

നിർബന്ധിത സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം മറ്റ് ജില്ലകളിലെ സർവ്വീസ് ദൈർഘ്യം (out station service) ആയിരിക്കുന്നതാണ്. സ്വന്തം ജില്ലയിലല്ലാതെ മറ്റ് ജില്ലകളിൽ കുറഞ്ഞ സർവ്വീസുള്ള ജീവനക്കാരെയാണ് നിർബന്ധിത സ്ഥലംമാറ്റത്തിനായി പരിഗണിക്കുന്നത്. മറ്റ് ജില്ലകളിൽ / ഹെഡ്ക്വോർട്ടേഴ്സിൽ സർവ്വീസ് കുറഞ്ഞവരെയാണ് ഏറ്റവും അകലെയുള്ള ജില്ലകളിലേക്ക് സ്ഥലംമാറ്റം ചെയ്യുന്നത്. അന്യ ജില്ലകളിലെ സേവനകാലാവധി കണക്കാക്കുന്നത് സ്വന്തം ജില്ലയിൽ നിന്ന് ടി ജില്ലകളിലേക്കുള്ള അകലത്തിന്റെ അടിസ്ഥാനത്തിലാണ്. സ്വന്തം ജില്ല എന്ന് കണക്കാക്കുന്നത് ജീവനക്കാർ ഓപ്റ്റ് ചെയ്ത ജില്ലയായിരിക്കും, ഓപ്ഷൻ മാറ്റുന്ന തീയതി വരെ. സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുമ്പോഴാണ് ജില്ല മാറ്റി ഓപ്റ്റ് ചെയ്യാൻ സാധിക്കുക.

8. <u>ആക്ഷേപങ്ങൾ/അപ്പീലുകൾ ഫയൽ ചെയ്യുന്നത്</u>

പൊതുസ്ഥലംമാറ്റ ഉത്തരവിന്റെ കരട് ഐ.കെ.എമ്മിന്റെ നോട്ടീസ് ബോർഡിലും, വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുന്നതും, ആക്ഷേപങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ഫയൽ ചെയ്യുന്നതിനായി ഏറ്റവും കുറഞ്ഞത് ഒരാഴ്ചത്തെ സമയം അനുവദിക്കുന്നതുമാണ്.

9. <u>നിരസിക്കൽ</u>

a. ഡെപ്യൂട്ടേഷൻ കാലയളവ് (കേരള സർവ്വീസ് ചട്ടങ്ങളിൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള ഫോറിൻ സർവ്വീസ്/പഠനാവശ്യത്തിനുള്ള അവധി എന്നിവ) സ്ഥലംമാറ്റത്തിനുവേണ്ടി അർഹതയുള്ള കാലയളവായി പരിഗണിക്കുന്നതല്ല.
b. പരസ്പരം മാറ്റത്തിനുവേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

10. <u>മുൻഗണനാ ക്രമം</u>

ഒരു പ്രത്യേക സ്റ്റേഷനിലേയ്ക്ക് വളരെ കൂടുതൽ അപേക്ഷകരുണ്ടെങ്കിൽ മുൻഗണനാക്രമം ചുവടെ പറയും പ്രകാരമാണ്.

i. ജീവനക്കാരന്റെ/ ജീവനക്കാരിയുടെ പരിഗണനയിലുള്ള അപേക്ഷയുടെ സമയത്തുള്ള ജില്ലയിലെ തുടർച്ചയായുള്ള ദൈർഘ്യം, സ്ഥലം മാറ്റത്തിനു വേണ്ടിയുള്ള മാനദണ്ഡമായിരിക്കുന്നതാണ്.

ii. ഒരു ജില്ലക്ക് പുറത്ത് ഏറ്റവും കൂടുതൽ സേവനദൈർഘ്യമുള്ള ജീവനക്കാർക്ക് ഒന്നാമതായി മുൻഗണന നൽകുന്നതാണ്. ഹൈറേഞ്ച് ജില്ലകളായ ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ ജോലി ചെയ്യുന്നജീവനക്കാർക്ക് ഒരു വർഷം പൂർത്തിയാകുന്ന മുറയ്ക്ക് സ്ഥലംമാറ്റത്തിനുള്ള അർഹത ഉണ്ടായിരിക്കുന്നതാണ്. ഇതേ വിഭാഗത്തിൽ ഒന്നിൽ കൂടുതൽ അപേക്ഷകരുണ്ടെങ്കിൽ അവരുടെ സേവനദൈർഘ്യം കണക്കാക്കി മുൻഗണന നൽകുന്നതാണ്.

iii. ആറ് മാസത്തെ പ്രസവാവധി കഴിഞ്ഞ് മടങ്ങി വരുന്ന ജീവനക്കാരെ അവർ എവിടെ നിന്നാണോ അവധിയിൽ പ്രവേശിച്ചത് അതേ ജില്ലയിലേയ്ക്ക് തന്നെ ഒരു വർഷക്കാലത്തേയ്ക്ക് നിയമിക്കുന്നതാണ്. അവർ അവരുടെ ഇഷ്ടപ്പെട്ട ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം കിട്ടാൻ അപേക്ഷിക്കുകയാണെങ്കിൽ അവരുടെ അപേക്ഷയ്ക്ക് ഒന്നാമതായി മുൻഗണന നല്കുന്നതാണ്.

iv. 31/08/2007 ലെ സർക്കാർ ഉത്തരവ് സ.ഉ(പി)391/2007/ഫിൻ- ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കുട്ടിയെ ദത്തെടുത്തതിനുള്ള അവധിക്ക് അർഹരായിട്ടുള്ള ഐ.കെ.എമ്മിലെ വനിതാ ജീവനക്കാരെയും അവർ എവിടെ നിന്നാണോ അവധിയിൽ പ്രവേശിച്ചത് അതേ ജില്ലയിലേയ്ക്ക് തന്നെ ഒരു വർഷക്കാലത്തേയ്ക്ക് നിയമിക്കുന്നതാണ്. അവർ അവരുടെ ഇഷ്ടപ്പെട്ട ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം കിട്ടാൻ അപേക്ഷിക്കുകയാണെങ്കിൽ അവരുടെ അപേക്ഷയ്ക്ക് ഒന്നാമതായി മുൻഗണന നൽകുന്നതാണ്.

v. ഉദ്യോഗത്തിൽ നിന്നും വിരമിക്കാൻ രണ്ട് വർഷം മാത്രമുള്ള ജീവനക്കാരെ, ആദ്യം വിരമിക്കേണ്ടവർക്ക് മുൻഗണന നൽകിക്കൊണ്ട് അവരുടെ ആവശ്യാനുസരണമുള്ള ജില്ലകളിലേക്ക് നിയമനത്തിനായി പരിഗണിക്കുന്നതാണ്.

vi. ഭാര്യയ്ക്കും ഭർത്താവിനും ഒരേ ജില്ലയിൽ തന്നെ ജോലി ചെയ്യുന്നതിന് സുഗമമാക്കുന്ന സ്ഥലംമാറ്റം കഴിയുന്നിടത്തോളം പരിഗണിക്കുന്നതാണ്.

K. PREMKUMAR
Executive Director
Information Kerala Mission
Thiruvananthapuram

**അനുബന്ധം എ**

*(മാർഗ രേഖ ഖണ്ഡിക 5.e)*

അനുകമ്പാർഹമായ വിഭാഗങ്ങളുടെ സ്ഥലംമാറ്റത്തിനുള്ള പ്രത്യേക മുൻഗണനാക്രമം ചുവടെ ചേർക്കുന്നു.

1. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർ
2. അന്ധരായ ഉദ്യോഗസ്ഥർക്ക്
3. വികലാംഗരായ ജീവനക്കാർ (സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ)
4. മൂകരും, ബധിരരുമായ ജീവനക്കാർ
5. സെറിബ്രൽ പാൾസി ഉൾപ്പടെയുള്ള ചലനവൈകല്യം, ഭേദപ്പെട്ട കുഷ്ഠം, അസാധാരണമായി പൊക്കക്കുറവ്, ആസിഡ് ആക്രമണത്തിന് ഇരയായവർ
6. മാനസിക പ്രശ്നമുള്ള ജീവനക്കാരും, മാനസിക പ്രശ്നമുള്ള ആശ്രിതരുള്ള ജീവനക്കാർ (മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ)
7. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ / ബുദ്ധിമാന്ദ്യമുള്ള സഹോദരങ്ങളെ പൂർണ്ണമായും സംരക്ഷിക്കുന്ന ജീവനക്കാർ (മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ)
8. ഓട്ടിസം / സെറിബ്രൽ പാൾസി ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾ (മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ)
9. 50% ന് മുകളിൽ വികലാംഗത്വമുള്ള കുട്ടികളുടെ മാതാപിതാക്കൾ (മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ)
10. ബധിരരും, മൂകരുമായ കുട്ടികളുടെ മാതാപിതാക്കൾ (മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ)
11. യുദ്ധത്തിൽ മരണപ്പെട്ട സൈനികരുടെ ആശ്രിതർ (ഭാര്യ/ഭർത്താവ്/ അച്ഛൻ/ അമ്മ/ മകൻ / മകൾ)
12. സ്വാതന്ത്ര്യ സമരസേനാനിയെ സംരക്ഷിക്കുന്ന മകൻ / മകൾ
13. വിധവകൾ /വിഭാര്യർ /പുനർവിവാഹം ചെയ്യാത്ത വിവാഹമോചിതർ (അനുയോജ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ)
14. മിശ്രവിവാഹിതർ (രേഖകളുടെ അടിസ്ഥാനത്തിൽ)
15. നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള ജീവനക്കാർ (കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ)
16. അംഗീകൃത സർവ്വീസ് സംഘടനകളുടെ സംസ്ഥാന പ്രസിഡന്റ് അല്ലെങ്കിൽ ജനറൽ സെക്രട്ടറി (അഥവാ സർവ്വീസ് സംഘടനകൾ നിർദ്ദേശിക്കുന്ന ഒരു ജീവനക്കാരൻ/ ജീവനക്കാരി)
17. സൈനിക സേവനം പൂർത്തിയാക്കിയ ജീവനക്കാർ
18. സേവനമനുഷ്ഠിക്കുന്ന ജവാന്റെ ബന്ധു (ഭാര്യ /ഭർത്താവ് / അച്ഛൻ /അമ്മ /മകൻ / മകൾ)
19. പ്രവാസി കേരളീയരുടെ ഭർത്താവ് / ഭാര്യ (നിലവിൽ വിദേശത്താണ് എന്ന് തെളിയിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ)

സ്ഥലംമാറ്റ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ പരമാവധി 5% മാത്രമായിരിക്കും അനുകമ്പാർഹമായ വിഭാഗമായി പരിഗണിക്കുന്നത്.

K. PREMKUMAR
Executive Director
Information Kerala Mission
Thiruvananthapuram